Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

23.09.2016

All Kerala Press Release
*Ref: 228/POC/DIR*

## സ്വർഗത്തിൽ പോകാനാഗ്രഹിക്കുന്നവർ ചേരികളിലേക്കും, ദരിദ്രരിലേക്കും രോഗികളിലേക്കും ഇറങ്ങിച്ചെല്ലണം: ബ്രദർ മാവൂരൂസ്

കൊച്ചി: സ്വർഗം ലക്ഷ്യമാക്കി ജീവിക്കുന്നവർ ചേരികളിലേക്കും, ദരിദ്രരിലേക്കും നിരാലംബരായ രോഗികളുടെയിടയിലേക്കും ഇറങ്ങിച്ചെല്ലണമെന്ന് ബ്രദർ മാവൂരൂസ്. സന്ന്യാസഅർത്ഥിനികൾക്കുവേണ്ടി പിഒസി ഒരുക്കിയ ത്രിദിന കാരുണ്യദർശന പഠനശിബിരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചുറ്റുമുള്ള ലോകത്തെ കാരുണ്യപൂർവം നോക്കിക്കാണണമെന്നും യേശുവിനുവേണ്ടി മരിക്കാനുള്ള ദാഹത്തോടെ സന്ന്യാസം സ്വീകരിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.

പിഒസി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് ഉദ്ഘാടനചടങ്ങിൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. ഷിബു സേവ്യർ, റവ. സിസ്റ്റർ സൗമ്യത എന്നിവർ പ്രസംഗിച്ചു.

ഫാ. വർഗീസ് വള്ളിക്കാട്ട്, റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, റവ. ഡോ. ജോഷി മയ്യാറ്റിൽ, റവ. ഡോ. ജോൺസൺ പുതുശ്ശേരി, റവ. ഡോ. ജോസഫ് ഒളിപ്പറമ്പിൽ, റവ. ഡോ. ഓസി കളത്തിൽ റവ. ഫാ. പീറ്റർ ടാജേഷ്, റവ. ഫാ. ജോളി വടക്കൻ എന്നിവർ ക്ലാസുകൾ നയിക്കും.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: സന്ന്യാസഅർത്ഥിനികൾക്കുവേണ്ടി ഒരുക്കിയ ത്രിദിന കാരുണ്യദർശന പഠനശിബിരം ബ്രദർ മാവൂരൂസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഷിബു സേവ്യർ ഒസിഡി, ഫാ. വർഗീസ് വള്ളിക്കാട്ട്, സി. ജാസ്മിൻ, സി.സൗമ്യത, ലിമ്ന, സി. മെറീബാ എന്നിവർ സമീപം